# KNANAYA CATHOLIC REGION

## ST. THOMAS SYRO-MALABAR CATHOLIC DIOCESE OF CHICAGO

**Vicar General and Knanaya Regional Director: Rev. Fr. Thomas Mulavanal**

541 N Willow Rd, Elmhurst, IL 60126. (310) 709 5111

mulavan@hotmail.com www.knanayaregion.us

Circular: 03/2016 Feb 28, 2016

ബഹുമാനപ്പെട്ട അച്ചാ, പ്രിയ ദൈവജനമേ,

ഈശോയുടെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും അനുസ്മരണകളിലേയ്ക്ക് യോഗ്യതാപൂർവ്വം പ്രവേശിക്കുവാൻ ലഭ്യമായിരിക്കുന്ന അവസരമാണല്ലോ വലിയ നോമ്പിന്റെ ഈ ദിനങ്ങൾ. രക്ഷാകരസംഭവങ്ങൾ ധ്യാനിക്കുന്നതും പ്രാർത്ഥനയിൽ കൂടുതൽ ആഴപ്പെടുന്നതും വഴി, കരുണയുടെ ഈ വർഷത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നമ്മിലും നമ്മുടെ സമൂഹത്തിലും സജീവമാകുവാൻ കാരണമാകും. "ഹൃദയശാന്തതയും എളിമയുമുള്ള" ഈശോയുടെ ഹൃദയത്തോട് താദാത്മ്യപ്പെടുമ്പോഴാണ് ആർദ്രതയുടേയും അനുകമ്പയുടേയും മനോഭാവം നമ്മിൽ വളരുക. ജീവിതവഴികളിൽ തളർന്നുപോയവരെ സഹായിച്ചുകൊണ്ടാണ് നമ്മെ സമ്പന്നരാക്കിയ ദൈവത്തോടുള്ള നന്ദി 'കരുണയുടെ ഈ വർഷം' പ്രകടിപ്പിക്കേണ്ടത്.

കാരുണ്യപ്രവർത്തികളിൽ നമ്മെ സഹകാരികളാക്കുന്ന സംരംഭങ്ങൾക്ക് ഇടവക/മിഷൻ തലങ്ങളിൽ കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നുണ്ടെന്ന് കരുതുന്നു. നിർധനരായവർക്ക് പാർപ്പിട സൗകര്യങ്ങൾ, രോഗീപരിചരണ സഹായങ്ങൾ, ഉപയോഗയോഗ്യമായ വസ്ത്രങ്ങൾ ശേഖരിച്ച് ഇല്ലാത്തവർക്ക് എത്തിച്ചുകൊടുക്കുക, അവയവദാനം, രക്തദാനം തുടങ്ങിയ ജീവൻ സംരക്ഷണ പ്രവർത്തനങ്ങളിൽ സഹകാരികളാകുക, നിർധന കുടുംബങ്ങളെ ദത്തെടുത്ത് സഹായിക്കുക, ഏകാന്തതയിലും അവശതയിലും ജയിലിലും കഴിയുന്നവരെ സന്ദർശിക്കുക തുടങ്ങി ഒട്ടനവധി കാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഇടവക/മിഷൻ പ്രവർത്തനങ്ങളിൽ മുൻതൂക്കം നൽകണം.

കരുണയുടെ വർഷത്തിൽ മറ്റുള്ളവരോട് ആർദ്രഭാവം കാണിക്കുന്നതോടൊപ്പം, നമ്മുടെ പാപപരിഹാരത്തിനും ജീവിത വിശുദ്ധീകരണത്തിനും പ്രാമുഖ്യം നൽകേണ്ടതും ആവശ്യമാണ്. വ്യക്തിപരമായ പ്രാർത്ഥനകളും ധ്യാനങ്ങളും കൂദാശാസ്വീകരണങ്ങളും പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതും ദണ്ഡവിമോചനത്തിനുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതും ആത്മീയ ജീവിതാഭിവൃദ്ധിക്ക് കാരണമാകും.

ഈ വർഷം ചിക്കാഗോ രൂപതയിലെ 9 ദൈവാലയങ്ങൾ തീർത്ഥാടന കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. അതിൽ 3 ദൈവാലയങ്ങൾ ക്നാനായ റീജിയനിൽ പെട്ടവയാണ്. ചിക്കാഗോയിലെ മോർട്ടൻ ഗ്രോവിലുള്ള സെൻറ് മേരീസ് പള്ളിയും, ടാമ്പായിലെ സേക്രട്ട് ഹാർട്ട് പള്ളിയും, ഹൂസ്റ്റണിലെ സെൻറ് മേരീസ് പള്ളിയുമാണ് കരുണയുടെ ഈ വർഷം തീർത്ഥാടന കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിരിക്കുന്നത്. ഈ ദൈവാലയങ്ങളിൽ വ്യക്തികളായോ ഗ്രൂപ്പുകളായോ സന്ദർശിക്കുകയും കുമ്പസാരിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുകയും പുണ്യയോഗ്യതകൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നത് പൂർണ്ണ ദണ്ഡവിമോചനത്തിന് നമ്മെ അർഹമാക്കും. ദൈവം ഒരുക്കി തരുന്ന ഈ അവസരങ്ങൾ പരമവധി ഉപയോഗപ്പെടുത്തി കൃപകൾക്ക് അർഹരായിതീരുവാൻ നമുക്ക് പരിശ്രമിക്കാം.

ഈയവസരത്തിൽ നിങ്ങളുടെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തുവാൻ മറ്റൊരു നിയോഗം കൂടി ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ന്യൂയോർക്കിലെ റോക്‌ലാൻറ് ക്നാനായ മിഷന്റെ ക്നാനായ കമ്മ്യൂണിറ്റി സെൻററിൽ നടന്നുവന്നിരുന്ന വിശുദ്ധ കുർബാനയും ആത്മീയ

ശുശ്രൂഷകളും തൊട്ടടുത്തുള്ള മരിയൻ കേന്ദ്രത്തിലേയ്ക്ക് മാറ്റിയ വിവരം നിങ്ങളിൽ പലരും അറിഞ്ഞു കാണുമെന്ന് കരുതുന്നു. വിശുദ്ധ ബലിയും കൂദാശകളും ദൈവാലയത്തിലാണ് നടക്കേണ്ടതെങ്കിലും, അതിനുള്ള സൗകര്യം ലഭ്യമാകാതിരുന്നതുകൊണ്ട്, റോക്‌ലാൻറിലെ ക്നാനായ കമ്മ്യൂണിറ്റി സെൻററിന്റെ ഹാൾ വാടകയ്ക്കെടുത്താണ് ദിവ്യബലിയും മതപഠനക്ലാസ്സുകളും നടത്തിവന്നിരുന്നത്.

കഴിഞ്ഞ ഡിസംബർ അവസാനം പുതിയ മിഷൻ ഡയറക്ടർ ചാർജെടുത്തപ്പോൾ മുതൽ അദ്ദേഹത്തെ അവിടെ നിയമിച്ചിരിക്കുന്നത് ‘കമ്മ്യൂണിറ്റി സെൻററിൽ നിന്നും കുർബാന മാറ്റി പള്ളി വാങ്ങുവാനാണെന്ന്’ തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുകയും, സഭാദ്ധ്യക്ഷന്മാരുടെ സർക്കുലറുകൾ മിഷനിൽ വായിക്കുന്നതിന് തടസ്സവാദം ഉന്നയിക്കുകയും, സഭാത്മക നിർദ്ദേശങ്ങൾക്കനുസൃതം മിഷന്റെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യണമെന്ന നിർദ്ദേശം അവഗണിക്കുകയും, മിഷൻ ഡയറക്ടർക്കെതിരെ സിവിൽ അധികാരികൾക്ക്പോലും പരാതി അയക്കുകയും, ആത്മീയ അന്തരീക്ഷം നഷ്ടപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ ദിവ്യബലി സെൻററിന്റെ ഹാളിൽനിന്ന് അടുത്തുള്ള മരിയൻ തീർത്ഥാടന കേന്ദ്രത്തിലേയ്ക്ക് മാറ്റുന്നതിന് രൂപതാദ്ധ്യക്ഷൻ കൽപന നൽകുകയാണുണ്ടായത്. ക്നാനായ സെൻറർ ലക്ഷ്യംവയ്ക്കുന്ന സാമൂഹ്യ-സാമുദായിക കൂട്ടായ്മകൾക്കോ, സെൻററിന്റെ ഇതര പ്രവർത്തനങ്ങൾക്കോ തടസ്സമാകുന്ന ഒരു നടപടിയും മിഷന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ആരാധനാ പരികർമ്മങ്ങളുടെ പരിപാവനതയ്ക്കും വിശ്വാസപരിശീലനത്തിനും ഉതകുന്ന ഒരു ദൈവാലയ അന്തരീക്ഷത്തിലേയ്ക്ക് ഹാളിൽ നടത്തിയിരുന്ന വി. കുർബാന മാറ്റുക മാത്രമാണ് ചെയ്തിട്ടുള്ളത്.

വിവിധ മീഡിയായിലൂടെ പ്രചരിപ്പിക്കപ്പെടുന്ന തെറ്റിധരിപ്പിക്കുന്ന വാർത്തകളും, മിഷൻ ഡയറക്ടർക്കെതിരെയുള്ള വ്യക്തിപരമായ ആരോപണങ്ങളും, പൊതുനിരത്തുകളിൽ സഭക്കെതിരെ നടത്തുന്ന പ്രകടനങ്ങളും സമുദായത്തിന്റെ പേരിൽ നടത്തുന്നതുവഴി സമൂഹമദ്ധ്യത്തിൽ സമുദായം അവഹേളിതമാവുകയേയുള്ളു. ഭിന്നിപ്പുകൾ മറന്ന് ആത്മീയ അന്തരീക്ഷത്തിൽ അൾത്താരയ്ക്കുചുറ്റും ഒന്നിച്ചുനിന്ന് ബലിയർപ്പിക്കുന്നവരാകുകയും സഭയുടേയും സമുദായത്തിന്റെയും കൂട്ടുത്തരവാദിത്വം തിരിച്ചറിഞ്ഞ് ഐക്യത്തിൽ ജീവിക്കുകയും ചെയ്താലേ വിശ്വാസസമൂഹം എന്ന നിലയിൽ വരും തലമുറയ്ക്ക് ജീവിതസാക്ഷ്യം കൈമാറാൻ കഴിയൂ.

റോക്‌ലാൻറിലെ പ്രശ്നങ്ങൾ ദൈവനിയോഗപ്രകാരം പരിഹരിക്കപ്പെടുന്നതിനും അനുരജ്ഞനത്തിന്റേയും വിട്ടുവീഴ്ചയുടേയും സഹകരണത്തിന്റേയും അന്തരീക്ഷം സംജാതമാകുന്നതിനും നിങ്ങളുടെ ഏവരുടേയും പ്രത്യേകമായ പ്രാർത്ഥന ഞാൻ ക്ഷണിക്കുന്നു. ദിവ്യകാരുണ്യനാഥന്റെ സജീവ സാന്നിധ്യം കരുണയുടെ ഈ വത്സരത്തിൽ നമ്മുടെമേൽ ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,



റവ ഫാ. തോമസ് മുളവനാൽ
വികാരി ജനറാൾ / ക്നാനായ റീജിയൻ ഡയറക്ടർ

NB: ഈ സർക്കുലർ അടുത്ത ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.